# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 509. 06.02.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹനവകുപ്പിൽ ഇ-ഗവേണൻസ്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>,, എം. എ. വാഹീദ്<br>,, റ്റി. എൻ. പ്രതാപൻ<br>,, പി. എ. മാധവൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹനവകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സുതാര്യതയോടും ഗുണമേന്മയോടും കൂടി വേഗത്തിൽ നല്കുവാനുള്ള ഉദ്ദേശ്യത്തോടെയാണ് മോട്ടോർ വാഹന വകുപ്പിൽ 2007ൽ FAST (Fully Automated Services of Transport) പദ്ധതി പ്രകാരം ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചത്. ഇതു മൂലം എല്ലാ സേവനങ്ങളും കമ്പ്യൂട്ടർവത്കരിക്കാനും കാലതാമസം ഒഴിവാക്കി സുതാര്യവും സുഗമവും അഴിമതിരഹിതവും ഗുണമേന്മയുമുള്ള സേവനങ്ങൾ നൽകുവാനും മോട്ടോർവാഹനവകുപ്പിന് കഴിയുന്നുണ്ട്. ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കമ്പ്യൂട്ടർ- വത്കരണം മൂലം കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഇ-ഗവേണൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു:<br>• പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുക, കാലതാമസം ഒഴിവാക്കുക.<br>• സുതാര്യവും സുഗമവും സുരക്ഷിതവും ഗുണനിലവാരവും അഴിമതിരഹിതവുമായ സേവനം നൽകുക.<br>• ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുകയും അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.<br>• ഓഫീസുകളിൽ ഏജന്റുമാരേയും ഇടനിലക്കാരെയും ഒഴിവാക്കുക.<br>• ഓഫീസുകൾ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുക. |

| | | |
|---|---|---|
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് മുഖേന ലഭിക്കുന്നത് ; വിശദമാക്കുമോ ; | | മോട്ടോർവാഹനവകുപ്പിൽ ഏർപ്പെടുത്തി-യിട്ടുള്ള പ്രധാനപ്പെട്ട e- governance സേവനങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>1. <u>E-Services</u><br>മോട്ടോർവാഹന വകുപ്പിന്റെ വെബ്സൈറ്റ് വഴി നൽകുന്ന വിവിധ സേവനങ്ങൾ ചുവടെ കൊടുക്കുന്നു:<br><u>ജി2 സി (ഗവൺമെന്റ് ടു സിറ്റിസൺ) സേവനങ്ങൾ</u><br>1. <u>വാഹന രജിസ്ട്രേഷനുള്ള ഓൺലൈൻ അപേക്ഷ</u><br>പുതിയതായി രജിസ്റ്റർ ചെയ്യേണ്ട വാഹനങ്ങളുടെ വിവരങ്ങൾ ഓൺലൈനായി വാഹന ഡീലർമാർക്ക് തന്നെ അതാത് രജിസ്റ്ററിംഗ് അതോറിറ്റിക്ക് സമർപ്പിക്കാൻ കഴിയും. വാഹന പരിശോധനയ്ക്ക വേണ്ടി മാത്രം വാഹനം ആർ.ടി.ഓഫീസിൽ ഹാജരാക്കിയാൽ മതിയാകും. ഇതുവഴി ഓഫീസുകളിൽ രജിസ്ട്രേഷന് വേണ്ടിയുള്ള ഡാറ്റാ എൻട്രിക്കുള്ള കാലതാമസം ഒഴിവാക്കാനും പരമാവധി വേഗത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും കഴിയും.<br>2. <u>ലേണേഴ്സ് ലൈസൻസിനും ഡ്രൈവിംഗ് ലൈസൻസിനുമുള്ള ഓൺലൈൻ അപേക്ഷ</u><br>പുതിയ ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനുള്ള ലേണേഴ്സ് ലൈസൻസിന്റെ പരീക്ഷയ്ക്ക് ഹാജരാകുന്നതിനുള്ള തീയതിയും സമയവും അപേക്ഷകന് തന്നെ ഓൺലൈൻ വഴി ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ പ്രസ്തുത പരീക്ഷയുടെ മാതൃക പരിശീലിക്കുന്നതിനും വെബ്സൈറ്റിൽ സംവിധാനമുണ്ട്.<br>3. <u>ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനുള്ള ഓൺലൈൻ അപേക്ഷ</u><br>ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനായി വാഹനം ഹാജരാക്കാൻ ഉദ്ദേശിക്കുന്ന തീയതിയും സമയവും അപേക്ഷകന് തന്നെ ഓൺലൈൻ വഴി ബുക്ക് ചെയ്യാവുന്നതാണ്.<br>4. <u>ഡ്രൈവിംഗ് ലൈസൻസിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം</u><br>ഡ്രൈവിംഗ് ലൈസൻസ് നമ്പർ, ജനന ത്തീയതി എന്നിവ നൽകിയാൽ ലൈസൻസ് ഉടമയ്ക്ക് തന്നെ ഫോട്ടോ ഉൾപ്പടെയുള്ള ലൈസൻസ് വിവരങ്ങൾ അറിയാൻ കഴിയും.<br>5. <u>വാഹനത്തിന്റെ വിവരങ്ങൾ അറിയാനുള്ള സംവിധാനം</u><br>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ നൽകിയാൽ വാഹന ഉടമയുടെ പേരും |

അവശ്യം വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വാഹനത്തിന്റെ ചേസ്സിസ് നമ്പറിന്റെ അവസാനത്തെ 5 അക്കങ്ങൾ നൽകിയാൽ ടി വാഹനത്തിന്റെ പൂർണ്ണ വിവരങ്ങൾ അറിയാൻ കഴിയും.

6. <u>അപേക്ഷയുടെ നിലവിലുള്ള അവസ്ഥ അറിയാനുള്ള സംവിധാനം</u>

ഫീസ് രസീതിൽ പ്രിന്റ് ചെയ്തിരിക്കുന്ന ഇൻവേർഡ് നമ്പർ നൽകിയാൽ മോട്ടോർവാഹന വകുപ്പിനു കീഴിലുള്ള ഏത് ആർ.ടി.ഓ/സബ് ആർ.ടി.ഓ കളിലും സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലുള്ള അവസ്ഥ അറിയാൻ കഴിയും.

7. <u>പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ അറിയാനുള്ള സംവിധാനം</u>

മോട്ടോർവാഹനവകുപ്പിനു കീഴിലുള്ള ഏത് ആർ.ടി.ഓ/സബ് ആർ.ടി.ഓ കളിലും പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള രജിസ്ട്രേഷൻ നമ്പർ അതാത് ദിവസം വൈകുന്നേരം തന്നെ വെബ്സൈറ്റിലൂടെ അറിയാൻ കഴിയും.

8. <u>രജിസ്ട്രേഷൻ നമ്പർ ലഭ്യത/ബുക്കിംഗ് നില അറിയാനുള്ള സംവിധാനം</u>

മോട്ടോർവാഹനവകുപ്പിനു കീഴിലുള്ള ഏത് ആർ.ടി.ഓ/സബ് ആർ.ടി.ഓ. കളിലും വാഹന രജിസ്ട്രേഷനു വേണ്ടി അന്നേ ദിവസം ബുക്ക് ചെയ്യാവുന്ന നമ്പർ പരിധിയും ബുക്കിംഗ് നിലയും വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിയും.

9. <u>താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അറിയാനുള്ള സംവിധാനം</u>

മോട്ടോർവാഹനവകുപ്പിനു കീഴിലുള്ള ഏത് ആർ.ടി.ഓ/സബ് ആർ.ടി.ഓ കളിലും താത്കാലികമായി രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിയും.

10.<u>ഡ്രൈവിംഗ് ലൈസെൻസുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷകൾ</u>

- ഡ്രൈവിംഗ് ലൈസെൻസ് പുതുക്കുന്നതിനുള്ള അപേക്ഷ
- ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസെൻസ് എടുക്കുന്നതിനുള്ള അപേക്ഷ
- ഡ്രൈവിംഗ് ലൈസെൻസിലെ വിലാസം മാറ്റുന്നതിനുള്ള അപേക്ഷ
- ഡ്രൈവിംഗ് ലൈസെൻസിലെ

സംസ്ഥാനത്തിനു പുറത്തുള്ള വിലാസം സംസ്ഥാനത്തിനുള്ളിലെ വിലാസത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷ

- ഡ്രൈവിംഗ് ലൈസൻസിൽ കൂടുതൽ വാഹനതരം ചേർക്കുന്നതിനുള്ള അപേക്ഷ
- പുതിയ ബാഡ്ജ് നേടുന്നതിനുള്ള അപേക്ഷ

11. <u>വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷകൾ</u>

- വാഹനത്തിന്റെ ഉടമസ്ഥവകാശം മാറ്റുന്നതിന്
- ഹൈപോത്തിക്കേഷൻ (ബാങ്ക് ലോൺ) ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും
- ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എടുക്കുന്നതിന്
- വാഹനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിന്
- അന്യ സംസ്ഥാനങ്ങളിലേയ്ക്ക് വാഹനത്തിന്റെ ഉടമസ്ഥവകാശം മാറ്റുന്നതിന് NOC (No Objection Certificate) നൽകുന്നതിനുള്ള അപേക്ഷ

<u>ജി2 ജി (ഗവൺമെന്റ് ടു ഗവൺമെന്റ്) സേവനങ്ങൾ</u>

1. <u>ഡ്രൈവിംഗ് ലൈസൻസിന്റെ വിവരങ്ങൾ, വാഹനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ പരിശോധിക്കാനുള്ള സംവിധാനം</u>

പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾക്ക് പ്രത്യേക ലോഗിൻ ഐഡന്റിറ്റി നൽകി ആയത് വഴി ഏത് ഡ്രൈവിംഗ് ലൈസൻസിന്റെയും ഉടമയുടെ ഫോട്ടോ ഉൾപ്പടെയുള്ള പൂർണ്ണ വിവരങ്ങൾ, എല്ലാ വാഹനത്തിന്റേയും പൂർണ്ണ വിവരങ്ങൾ എന്നിവ പരിശോധിക്കാൻ കഴിയും. മൊബൈൽ ഫോണിലെ ജി.പി.ആർ.എസ് സംവിധാനം വഴി മോട്ടോർ വാഹന വകുപ്പിന്റെ വെബ്ബ്സൈറ്റിൽ നിന്നും എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് ടി വിവരങ്ങൾ ലഭ്യമാകും.

2. <u>താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിവരങ്ങളുടെ</u>

ആധികാരികത അറിയാനുള്ള സംവിധാനം

വാഹന രജിസ്ട്രേഷൻ നടപടി- ക്രമത്തിനു മുൻപ് താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ആധികാരികത അതാത് ആർ.ടി.ഓ/സബ്ആർ.ടി.ഓ. ഓഫിസുകളിലെ അധികാരികൾക്ക് പരിശോധിക്കാനുള്ള സംവിധാനം വെബ്സൈറ്റിൽ ലഭ്യമാണ്.

2. E-Payment

വിവിധ സേവനങ്ങൾക്കുള്ള ഫീസും, വാഹന നികുതി, വാഹനങ്ങളുടെ സെസ്സ് എന്നിവ ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനം മോട്ടോർവാഹനവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തുള്ള എല്ലാ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. താമസിയാതെ തന്നെ ഇത് കേരളത്തിലുടനീളം നടപ്പിലാക്കുന്നതാണ്.

3. Fast Track Counter

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഒറ്റ സന്ദർശനത്തിൽ തന്നെ നൽകുവാൻ വേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് അതിവേഗ കൗണ്ടറുകൾ. എല്ലാ ആർ.ടി.ഓഫീസുകളിലും സബ് ആർ.ടി.ഓഫീസുകളിലും ഏക സന്ദർശന തീർപ്പാക്കൽ രീതിയിൽ തെരഞ്ഞെടുത്ത സേവനങ്ങൾ ഈ കൗണ്ടറുകളിലൂടെ ലഭ്യമാണ് അപേക്ഷകൻ നേരിൽ വന്നാൽ മാത്രമേ ഈ സേവനങ്ങൾ കൊടുക്കുകയുള്ളൂ. ഇതു വഴി ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയുന്നതാണ്.

4. Driving Test Tracks

നിലവിൽ നടക്കുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ അപാകതകൾ ഉള്ളതായി കണ്ടുവരുന്നുണ്ട്. ഇത്തരം കുറവുകൾ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിന് മോട്ടോർവാഹനവകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി, കോഴിക്കോട് , കണ്ണൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് നിർമ്മിച്ചു കഴിഞ്ഞു.

5. Vehicle Testing Station

വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം വീതം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഒരു പരിശോധനാ

| | | |
|---|---|---|
| | | കേന്ദ്രം സ്ഥാപിച്ചു കഴിഞ്ഞു.<br>6. <u>അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ :</u> പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി മോട്ടോർവാഹനവകുപ്പിലേക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>7. <u>ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ</u> സംസ്ഥാനത്തെ എല്ലാ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി ഫീസും നികുതിയും ഒടുക്കുന്നതിനുള്ള സൗകര്യം മോട്ടോർവാഹനവകുപ്പ് നൽകിയിട്ടുണ്ട്.<br>മേൽ പറഞ്ഞവ കൂടാതെ സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന E-district, State Portal & State Service Delivery Gateway എന്നീ പദ്ധതികളിലും മോട്ടോർവാഹനവകുപ്പ് ഭാഗമാണ്. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് നടപ്പാക്കുന്നത് എന്നറിയിക്കുമോ ? | | FAST പദ്ധതി മോട്ടോർവാഹന വകുപ്പിൽ 2007- ലാണ് നടപ്പിലാക്കിയത്. ഇതിന്റെ നടത്തിപ്പിന്റെ ആദ്യ ചുമതല Electronics Corporation of India Ltd (ECIL) എന്ന കേന്ദ്രപൊതുമേഖല സ്ഥാപനത്തിനായിരുന്നു. 30.06.2010ന് ഇവരുടെ കാലാവധി തീർന്നതിനാൽ പൊതുമേഖല സ്ഥാപനമായ Centre for Development of Imaging Technology-(C-DIT) യ്ക്കാണ് ഇതിന്റെ നടത്തിപ്പ് ചുമതല നല്കിയിരിക്കുന്നത്. മോട്ടോർവാഹന വകുപ്പിന്റെ സേവനങ്ങൾ കമ്പ്യൂട്ടർ വത്കരിക്കുന്നതിന്റെയും വെബ്സൈറ്റ് വഴി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെയും ചുമതല National Informatics Centre-(NIC) നാണ് നൽകിയിരിക്കുന്നത്. ഓഫീസുകൾ തമ്മിലുള്ള വിനിമയശൃംഖലയായ Kerala State Wide Area Network, അക്ഷയ കേന്ദ്രങ്ങൾ, ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ എന്നിവയുടെ ചുമതല വഹിക്കുന്നത് Kerala State IT Mission ആണ്. |

സെക്ഷൻ ഓഫീസർ.